## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2303
## 14.06.2019 - ലെ മറുപടിയ്ക്ക്

### പങ്കാളിത്ത പെൻഷൻ ആനുകൂല്യങ്ങൾ

| ചോദ്യം : | ഉത്തരം : |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>എം.എൽ.എ | ഡോ.തോമസ് ഐസക്ക്<br>(ബഹു.ധനകാര്യ വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| എ | പങ്കാളിത്ത പെൻഷൻ പദ്ധതിയിലുള്ള എത്ര ജീവനക്കാർ നാളിതുവരെയായി സർവ്വീസിൽ നിന്നും വിരമിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | 1.തിരുവനന്തപുരം - 14<br>2. കൊല്ലം - 6<br>3.പത്തനംതിട്ട - 0<br>4.ആലപ്പുഴ -5<br>5.കോട്ടയം -6<br>6.ഇടുക്കി -5<br>7.എറണാകുളം - 4<br>8.തൃശ്ശൂർ - 6<br>9. പാലക്കാട് - 4<br>10.മലപ്പുറം -5<br>11.കോഴിക്കോട് - 7<br>12.വയനാട് - 2<br>13.കണ്ണൂർ - 3<br>14.കാസർഗോഡ് - 0<br>-------------------<br>ആകെ = 67 |

| | | |
|---|---|---|
| **ബി** | ഇവർക്ക് നാമമാത്രമായ തുകയാണ് പെൻഷനായി ലഭിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ആരോഗ്യ ഇൻഷ്വറൻസ് ഉള്ളവർക്ക് ഇതുപ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ലെന്ന കാര്യം പരിശോധിക്കുമോ; | ആയതു പ്രകാരമുള്ള പരാതി ഇതുവരെയും ലഭിച്ചിട്ടില്ല. ആരോഗ്യ ഇൻഷ്വറൻസ് സംബന്ധിച്ച വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. |
| **സി** | പങ്കാളിത്ത പെൻഷൻ സംബന്ധിച്ച വ്യക്തമായ വിവരം ട്രഷറിയിൽ ഇല്ലെന്ന കാര്യം പരിശോധിക്കുമോ; ഇത് സംബന്ധിച്ച് ട്രഷറി ഡയറക്ടർ സ്വീകരിച്ച നടപടികളും ഫയലുകളുടെ കോപ്പികളും ലഭ്യമാക്കുമോ; | എൻ.പി.എസിന്റെ നോഡൽ ഓഫീസായിട്ടാണ് ട്രഷറികൾ പ്രവർത്തിക്കുന്നത്. 01/04/2013 ന് ശേഷം സർവ്വീസിൽ പ്രവേശിച്ചതും എൻ.പി.എസ് ബാധകമായിട്ടുള്ളതുമായ മുഴുവൻ ജീവനക്കാരുടേയും പ്രാൺ രജിസ്ട്രേഷൻ മുതൽ വിരമിക്കുന്നതുവരെയുള്ള എൻ.പി.എസ് പ്രവർത്തനങ്ങൾ ട്രഷറി വകുപ്പാണ് കൈകാര്യം ചെയ്യുന്നത്. എൻ.പി.എസ് വരിക്കാരുടെ ശമ്പളത്തിൽ നിന്നും കുറവു ചെയ്യുന്ന എൻ.പി.എസ് വിഹിതവും തത്തുല്യമായ സർക്കാർ വിഹിതവും ചേർത്തുള്ള ഫയൽ CRA - ലേയ്ക്ക് അപ്ലോഡ് ചെയ്യുന്നത്, അതുമായി ബന്ധപ്പെട്ട ഫണ്ട് ട്രസ്റ്റി ബാങ്കായ ആക്സിസ് ബാങ്കിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നത്, വിരമിക്കൽ വരെയുള്ള വരിക്കാരുടെ എൻ.പി.എസ് സംബന്ധമായ അപ്ഡേഷനുകൾ കൈകാര്യം ചെയ്യുന്നത്. വിരമിക്കുമ്പോൾ 2 ലക്ഷം രൂപ വരെയാണ് പ്രാൺ അക്കൗണ്ടിലുള്ള ആകെ തുകയെങ്കിൽ അത് മുഴുവനായും മടക്കി നൽകുന്നത്, തുക 2 ലക്ഷം രൂപയ്ക്ക് മുകളിലാണെങ്കിൽ ആകെ തുകയുടെ 60% വരിക്കാരന് മടക്കി നൽകുകയും 40% പെൻഷൻ ഫണ്ടിലേയ്ക്ക് മാറ്റി നൽകുകയും ചെയ്യുക എന്നിവ ട്രഷറികളാണ് കൈകാര്യം ചെയ്യുന്നത്. മേൽ സൂചിപ്പിച്ച പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പൂർണ്ണ വിവരങ്ങൾ അതത് ട്രഷറികളിൽ ലഭ്യമാണ്. വിരമിക്കലിനു ശേഷം വരിക്കാരുടെ പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യുന്നത് ട്രഷറികൾ അല്ല, മറിച്ച് വരിക്കാരൻ തെരഞ്ഞെടുക്കുന്ന ആന്വിറ്റി സർവ്വീസ് പ്രൊവൈഡർ ആണ്. ഇതുമായി ബന്ധപ്പെട്ട് യാതൊരുവിധ പരാതികളും ട്രഷറി വകുപ്പിൽ നിലവിൽ ഇല്ല അതിനാൽ തന്നെ ഫയലുകളും നിലവിലില്ല. |

| | | |
|---|---|---|
| ഡി | കുറഞ്ഞ സർവ്വീസുള്ള ജീവനക്കാർക്ക് മിനിമം പെൻഷൻ ലഭ്യമാക്കുന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കാമോ; | സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ വിവിധ പ്രശ്നങ്ങൾ പരിശോധിക്കുന്നതിനായി ഒരു സമിതി രൂപീകരിച്ചുകൊണ്ട് സർക്കാർ 07/11//2018 – ലെ സ.ഉ(പി) നം.172/2018/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതി സംബന്ധിച്ച വിവിധ വിഷയങ്ങൾ വിശദമായി പരിശോധിച്ച് സമയബന്ധിതമായി റിപ്പോർട്ട് സമർപ്പിക്കാൻ സമിതിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സമിതി റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് ആയത് വിശദമായി പരിശോധിച്ച് സർക്കാർ ഈ വിഷയത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| ഇ | പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം വിരമിച്ച ജീവനക്കാർക്ക് പഴയ രീതിയിലുള്ള പെൻഷൻ ലഭ്യമാക്കുമോ; സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി തിരിച്ചുകൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ? | |

**സെക്ഷൻ ഓഫീസർ**

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്- പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിനായി സമിതിയെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-എ) വകുപ്പ്**

സ.ഉ (പി) നം.**172/2018**/ധന. തിരുവനന്തപുരം, തീയതി, **07.11.2018**

---

പരാമർശം:- സ.ഉ (പി) നം. 20/2013/ധന. തീയതി, 07.01.2013

**ഉത്തരവ്**

പരാമർശ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിനായി ചുവടെ ചേർക്കുന്ന അംഗങ്ങളെ ഉൾക്കൊള്ളിച്ച് ഒരു സമിതി രൂപീകരിച്ചു കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) ശ്രീ.എസ്.സതീഷ് ചന്ദ്രബാബു, ജില്ലാ ജഡ്ജി (റിട്ട.) (ചെയർമാൻ)
2) ശ്രീ.പി.മാരപാണ്ഡ്യൻ.ഐ.എ.എസ്(റിട്ട.)
3) പ്രൊഫ.ഡി.നാരായണ, ഡയറക്ടർ, ജി.ഐ.എഫ്.റ്റി

കമ്മിറ്റിയുടെ പരിഗണനാ വിഷയങ്ങൾ അനുബന്ധമായി ചേർക്കുന്നു. കമ്മിറ്റി 6 മാസത്തിനകം വിശദമായ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**കെ.രാജശ്രീ**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. ശ്രീ. എസ്.സതീഷ് ചന്ദ്രബാബു, ജില്ലാ ജഡ്ജി (റിട്ട.)
2. ശ്രീ. പി.മാരപാണ്ഡ്യൻ.ഐ.എ.എസ്(റിട്ട.)
3. പ്രൊഫ.ഡി.നാരായണ, ഡയറക്ടർ, ജി.ഐ.എഫ്.റ്റി
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ)കേരള, തിരുവനന്തപുരം.
6. അക്കൗണ്ടന്റ് ജനറൽ ( ഇ& ആർ.എസ്.എ) കേരള, തിരുവനന്തപുരം.

7. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
8. ഡയറക്ടർ, ഇൻഫോർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം
9. ധനകാര്യ (എൻ.പി.എസ്) വകുപ്പ്
10. മുഴുവൻ ജില്ലാ / സബ് ട്രഷറി ഓഫീസർമാർക്കും.
11. എല്ലാ വകുപ്പ് മേധാവികൾക്കും.
12. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
13. മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി, തിരുവനന്തപുരം.
14. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
15. രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം.
16. രജിസ്ട്രാർ, വിവിധ സർവ്വകലാശാലകൾ, (കേരള/കൊച്ചി/കോഴിക്കോട്/എം.ജി/കണ്ണൂർ)
17. രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
18. രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര
19. രജിസ്ട്രാർ, കേരള വെറ്ററിനറി & അനിമൽ സയൻസ് യൂണിവേഴ്സിറ്റി, വയനാട്
20. രജിസ്ട്രാർ, ശ്രീ ശങ്കര സംസ്കൃത സർവ്വകലാശാല, കാലടി
21. രജിസ്ട്രാർ, കേരള സംസ്ഥാന ആരോഗ്യ സർവ്വകലാശാല, തൃശ്ശൂർ
22. രജിസ്ട്രാർ, ഫിഷറീസ് സർവ്വകലാശാല, എറണാകുളം
23. സെക്രട്ടറി,തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാൻ, തിരുവനന്തപുരം.
24. അഡ്വക്കേറ്റ് ജനറൽ, എറണാകുളം
25. സെക്രട്ടറി, കെ.എസ്.ഇ.ബി- ലിമിറ്റഡ്, തിരുവനന്തപുരം
26. ചീഫ് സെക്രട്ടറി, കേരള സർക്കാർ
27. ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം
28. സ്പീക്കറുടെ/ ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി, കേരള നിയമസഭ
29. സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം
30. സെക്രട്ടറി, കേരള സംസ്ഥാന വനിതാ കമ്മീഷൻ, തിരുവനന്തപുരം
31. മുഖ്യമന്ത്രിയുടെ/ മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
32. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
33. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
34. മുഖ്യ വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
35. നോഡൽ ഓഫീസർ, www.finance.kerala.gov.in
36. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**അക്കൗണ്ട്സ് ഓഫീസർ**

# കമ്മിറ്റിയുടെ പരിഗണനാ വിഷയങ്ങൾ

1. പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പ്പരിശോധിക്കുന്നതിലെ നിയമപരവും സാമ്പത്തികവുമായ പ്രത്യാഘാതങ്ങൾ വിശദമായി പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുക, നിർദ്ദേശങ്ങൾ സമർപ്പിക്കുക.

2. പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നത് കേന്ദ്ര ധനക്കമ്മീഷൻ നിബന്ധനകളേയും ധനദൃഢീകരണത്തിനുള്ള പരിപ്രേക്ഷ്യത്തെയും എങ്ങനെ ബാധിക്കും?

3. NPS ട്രസ്റ്റ്, NSDL എന്നിവരുമായി ഏർപ്പെട്ടിട്ടുള്ള കരാറുകൾ സൃഷ്ടിക്കുന്ന ബാദ്ധ്യതകൾ, ഉത്തരവാദിത്തങ്ങൾ എന്നിവ വിശദമായി പരിശോധിച്ച് സാധ്യതകൾ നിർദ്ദേശിക്കുക.

4. പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ പങ്കാളികളായ ജീവനക്കാർക്ക് ആയതു പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ ഏർപ്പെടുത്താൻ തീരുമാനിച്ചാൽ:

a) ജീവനക്കാർ നാളിതുവരെ ഒടുക്കിയ വിഹിതം ഏതു വിധത്തിലാകും കൈകാര്യം ചെയ്യപ്പെടുക?

b) സർക്കാർ നാളിതുവരെ ഒടുക്കിയ വിഹിതം തിരികെ ലഭ്യമാകുമോ? ഈ കാര്യങ്ങൾ പരിശോധിച്ച് ശുപാർശ സമർപ്പിക്കുക.

5. പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ ഏർപ്പെടുത്താൻ തീരുമാനിച്ചാൽ പദ്ധതിയിൽ ചേർന്ന് വിരമിച്ച ജീവനക്കാരുടെ ആനുകൂല്യങ്ങൾ സംബന്ധിച്ച കാര്യത്തിലെ നിയമവ്യവസ്ഥ എന്തായിരിക്കും? ഇവരും സർക്കാരും അടച്ച വിഹിതങ്ങളുടെ സ്ഥിതി എന്തായിരിക്കും?

6. പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയ മറ്റു സംസ്ഥാനങ്ങളുടെ അനുഭവവും ഇപ്പോഴത്തെ സ്ഥിതിയും പരിശോധിക്കുക.

7. പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ കേരളത്തിലെ പ്രത്യേകതകൾ എന്തെല്ലാമാണ്? പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടാകുന്ന പക്ഷം ആയത് കൂടുതൽ ആകർഷകമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാം?

8. പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധനയുമായി ബന്ധപ്പെട്ട് പ്രസക്തം എന്ന് കമ്മിറ്റി കരുതുന്ന മറ്റ് കാര്യങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുക.